(19) കാസർകോഡ് മണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർകോഡ് നിയോജകമണ്ഡലത്തിലെ രണ്ട് എം. എൽ. എ. റോഡുകളും ഇന്നും പണി പൂർത്തിയാകാതെ കിടക്കുകയാണ്. പെരുംപളകടവ്–നായമാർമൂല, ആലംപാടി–എടപ്പക്കട്ട എന്നിവിടങ്ങളിലെ റോഡിന്റെ ഒന്നാംഘട്ടം പണി പൂർത്തിയായി. രണ്ടാം ഘട്ടമെന്ന നിലയിൽ തോടിന് ചെറിയൊരു പാലം നിർമ്മിച്ചാൽ മാത്രമേ ആ റോഡിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അതിന്റെ പണി ഇന്നുവരെ ആരംഭിച്ചിട്ടില്ല. അടിയന്തിരമായി ഈ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുമോ? രണ്ടാം എം. എൽ. എ. റോഡായ വേവിഞ്ഞ ആലൂർ റോഡിന്റെ ഒന്നാം ഘട്ടം പണി വർഷങ്ങളോളമായി പൂർത്തീകരിക്കാത്ത സാഹചര്യത്തിലാണ്. അടിയന്തിരമായി രണ്ട് എം. എൽ. എ. റോഡിന്റെയും പണി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, രണ്ടും എം. എൽ. എ. റോഡുകളാണ്. എം. എൽ. എ. റോഡുകളെ സംബന്ധിച്ചിടത്തോളം അത് അനുവദിക്കുന്ന കാലത്തുതന്നെ ഘട്ടംഘട്ടമായി ആരംഭിക്കാനുള്ള നിബന്ധനയുണ്ട്. 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്സിൽ ഒതുങ്ങി നിൽക്കുക. 1–ാം ഘട്ടത്തിന്റെ പണി അവസാനിച്ചാൽ രണ്ടാംഘട്ടം ആരംഭിക്കും. രണ്ട് റോഡിന്റെയും ഒന്നാം ഘട്ടം പണി നടന്നുവരുന്നുണ്ട്. അത് തീരുന്ന മുറയ്ക്ക് രണ്ടാം ഘട്ടങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

(20) ശൂരനാട് പി. എച്ച്. സെന്റർ

ശ്രീ. ടി. നാണു മാസ്റ്റർ: സർ, ശൂരനാട് സൗത്ത് പഞ്ചായത്തിൽ 16 കൊല്ലമായി പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മൂന്നുനാലു കൊല്ലമായി വളരെ ശോചനീയാവസ്ഥയിൽ നിൽക്കുകയാണ്. അവിടെ ആവശ്യത്തിന് മരുന്നില്ല, ഡോക്ടറെ പോസ്റ്റു ചെയ്താൽ സ്ഥിരമായി നിൽക്കുന്നില്ല. എന്നാൽ ക്വാർട്ടേഴ്സും മറ്റ് സൗകര്യങ്ങളുമുണ്ട്. ക്വാർട്ടേഴ്സിൽ വെള്ളത്തിന്റെ സൗകര്യമില്ല, വെളിച്ചമുണ്ട്. സ്റ്റാഫ് ആവശ്യത്തിനുണ്ടെങ്കിലും ഡോക്ടർ ഇല്ലാത്തതുകൊണ്ടും മരുന്നില്ലാത്തതുകൊണ്ടും ഈ സെന്ററിന്റെ സേവനം കിട്ടാതെ പൊതുജനങ്ങൾ നാലുകൊല്ലമായി വളരെ വിഷമതയിലാണ്. അതെല്ലാം ലഭ്യമാക്കുന്നതിനുവേണ്ടി അടിയന്തിര നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, ശൂരനാട് സൗത്ത് പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. നവംബർ 16–ാം തീയതി പി. എസ്. സി. മുഖേന ഡോക്ടറെ നിയമിച്ചു. പക്ഷേ അദ്ദേഹം പി. ജി. കോഴ്സിനു പോയി. വീണ്ടും 27–3–1991–ന് ആ പോസ്റ്റിൽ പി. എസ്. സി. ലിസ്റ്റ് പ്രകാരം ഡോക്ടറെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. ചാർജ് എടുത്തോയെന്ന് അറിഞ്ഞുകൂടാ. അവിടെ മരുന്നില്ലായെന്ന് പറയുന്നത് ശരിയല്ല. അവിടെ 56,850 രൂപയുടെ മരുന്ന്

LIBRARY ARCHIVES Kerala Legislative Assembly